**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3252** — **25-10-2021 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിലെ അദ്ധ്യാപകരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗവ.ഹയർ സെക്കണ്ടറിയിൽ 10.08.2018 ലെ സർക്കാർ ഉത്തരവ് 3082/2018/പൊ.വി.വ പ്രകാരവും 24.08.2019 GO (MS) No.129/2019/GEDN ഉത്തരവ് പ്രകാരവും പുന:ക്രമീകരിക്കപ്പെട്ട സ്കൂളുകളിൽ നിലവിൽ സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കരാർ വ്യവസ്ഥയിലാണ് അദ്ധ്യായനം നടത്തുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| (ബി) | ഗവ.ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ടു എച്ച്.എസ്.എസ്.ടി. തസ്തികമാറ്റ നിയമനം വഴി ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുന്ന ജൂനിയർ അദ്ധ്യാപകർ പ്രമോഷൻ ലഭിച്ചതിന് ശേഷം തുടർച്ചയായി റീലിംങ് ക്വിഷ് ചെയ്യുന്നത് സീനിയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനെ കാര്യമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ചില അദ്ധ്യാപകർ എച്ച്.എസ്.എസ്.റ്റി പ്രമോഷൻ റീലിംഗ്വിഷ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത റിലിംഗ്വിഷ്മെന്റ് ഒഴിവുകൾ അടുത്ത ഡി.പി.സി. യിൽ ഉൾപ്പെടുത്തി നിയമനം നൽകി വരുന്നുണ്ട്. റീലിംഗ്വിഷ് മെന്റ് നടപടി സീനിയർ തസ്തികയിലെ നിയമനത്തെ കാര്യമായി ബാധിക്കാറില്ല. |
| (സി) | ഗവ.ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് 07.01.2021, 02.08.21 എന്നീ തീയതികളിലെ ഉത്തരവുകൾ Ad.C3/180537/2020/D.G.E, Ad.C3/180537/2020/DGE പ്രകാരം ഡി.പി.സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ നിന്നും വിവിധ വിഷയങ്ങളിലുള്ള ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വിഷയത്തിൽ എത്ര ഒഴിവുകൾ നികത്തിയിട്ടില്ലായെന്നും നികത്താത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (സി) | 07.01.2021-ലെ എഡി.സി3/180537/2020/ ഡിജിഇ നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോറിട്ടി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 02/08/2021-ലെ എഡി.സി3/180537/2020/ ഡി.ജി.ഇ. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതും, സർവ്വീസിൽ ഉള്ളതുമായ എല്ലാ അദ്ധ്യാപകർക്കും എച്ച്.എസ്.എസ്.റ്റി ആയി പ്രമോഷൻ നിയമനം 10/09/2021-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റ് തീർന്നു കഴിഞ്ഞു. എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് - 4, എച്ച്.എസ്.എസ്.റ്റി. സുവോളജി - 3, എച്ച്.എസ്.എസ്.റ്റി. അറബിക്-2, എച്ച്.എസ്.എസ്.റ്റി ഹിന്ദി -1, എച്ച്.എസ്.എസ്.റ്റി ഇക്കണോമിക്സ് -1, എച്ച്.എസ്.എസ്.റ്റി കെമിസ്ട്രി - 1, എച്ച്.എസ്.എസ്.റ്റി. ഇംഗ്ലീഷ് -2, |

| | | | |
|---|---|---|---|
| | | | എച്ച്.എസ്.എസ്.റ്റി ബോട്ടണി -7, എച്ച്.എസ്.എസ്.റ്റി ഫിസിക്സ് -4, എച്ച്.എസ്.എസ്.റ്റി. പൊളിറ്റിക്കൽ സയൻസ് - 1 എന്നീ ഒഴിവുകൾ ചില അദ്ധ്യാപകരുടെ റീലിംഗ്വിഷ്മെന്റും, റീലീവിങ്ങും കാരണം നികത്തിയിട്ടില്ല. പ്രസ്തുത ഒഴിവുകൾ അടുത്ത ഡി.പി.സി.യിൽ ഉൾപ്പെടുത്തി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ഗവ.ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള പ്രമോഷനായി ഡി.പി.സി. ലിസ്റ്റിൽ ഉയർന്ന സീനിയോറിറ്റി ഉണ്ടായിട്ടും വിവിധ ഉത്തരവുകൾ പ്രകാരം പ്രമോഷനിൽ നിന്ന് ഒഴിവാക്കപ്പെട്ട അദ്ധ്യാപകരുടെ വിവരം വിഷയാടിസ്ഥാനത്തിൽ നൽകുമോ; ഇവർ ഒഴിവാക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവുകൾ നികത്തിയിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | എച്ച്.എസ്.എസ്.റ്റി സുവോളജി വിഷയത്തിൽ സീരിയൽ നമ്പർ 1 ആയി ഉൾപ്പെട്ടിരുന്ന ശ്രീമതി. ശ്രീമതി കെ.പി-യ്ക്ക് എച്ച്.എസ്.എസ്.റ്റി. ആയി നിയമനം നൽകിയിരുന്നില്ല. 02/08/2021 ലെ എഡി.സി3/180537/20/ഡി.ജി.ഇ നമ്പർ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട മറ്റെല്ലാവർക്കും എച്ച്.എസ്.എസ്.റ്റി ആയി നിയമനം നൽകിയിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിച്ചതിനാലാണ് ശ്രീമതി. ശ്രീമതി കെ.പി-ക്ക് നിയമനം നൽകുവാൻ കഴിയാത്തത്. ടി ഒഴിവ് അടുത്ത് നടക്കുന്ന എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) അദ്ധ്യാപകരുടെ എച്ച്.എസ്.എസ്.റ്റി. ആയുള്ള തസ്തികമാറ്റ നിയമനത്തിൽ ഉൾപ്പെടുത്തി നികത്തുന്നതാണ്. |
| (ഇ) | 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ ആരംഭിച്ചതും മതിയായ കുട്ടികൾ ഇല്ലാത്തതിനാൽ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതുമായ ഗവ. ഹയർ സെക്കണ്ടറി ബാച്ചുകളുടെ തസ്തിക സൃഷ്ടിക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത ബാച്ചുകളിലെ 2019 -20, 2020-21 അദ്ധ്യായന വർഷങ്ങളിലെ കുട്ടികളുടെ എണ്ണം ബാച്ച് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ